LIBRARY ARCHIVES Kerala Legislative Assembly

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സഹകരണ വകുപ്പ് ഓഫീസുകൾ

70(2308) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ സഹകരണ വകുപ്പിന്റെ ഏതെല്ലാം ഓഫീസുകളാണ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) ഓരോ മാസവും എത്ര രൂപയാണ് വാടകയിനത്തിൽ ചെലവാകുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ സഹകരണ വകുപ്പിന്റെ താഴെപ്പറയുന്ന ഓഫീസുകൾ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.

1. ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ്
2. ജോയിന്റ് ഡയറക്ടർ (സഹകരണ ആഡിറ്റ്) ആഫീസ്
3. കോഴിക്കോട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ്
4. കോഴിക്കോട് അസിസ്റ്റന്റ് ഡയറക്ടർ (സഹകരണ ആഡിറ്റ്) ആഫീസ്
5. കൊയിലാണ്ടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ്
6. കൊയിലാണ്ടി അസിസ്റ്റന്റ് ഡയറക്ടർ (സഹകരണ ആഡിറ്റ്) ആഫീസ്
7. സഹകരണ ആർബിട്രേഷൻ കോടതി (നോർത്തേൺ)

(ബി) വാടകയിനത്തിൽ ഇപ്പോഴത്തെ പ്രതിമാസ ചെലവ് 120407 രൂപയാണ്.

സഹകരണ മേഖലയിലെ നിക്ഷേപ സമാഹരണം

71 (2309) ശ്രീ. പി. എ. മാധവൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ നിക്ഷേപ സമാഹരണത്തിലൂടെ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട് ;

(ബി) എത്ര രൂപയാണ് ഇതുവഴി സമാഹരിക്കാൻ ലക്ഷ്യമിട്ടിരുന്നത് ; വിശദമാക്കുമോ ;

(സി) നിക്ഷേപ സമാഹരണത്തിലൂടെ എത്ര രൂപ സമാഹരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) നിക്ഷേപ സമാഹരണത്തിൽ പ്രസ്തുത നേട്ടം കൈവരിക്കുന്നതിനു വേണ്ടി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;

(ഇ) ഇതിനായി ഏതെല്ലാം തരം സഹകരണ ബാങ്കുകളും സംഘങ്ങളുമാണ് സഹകരിച്ചത് ; വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ നടത്തിയ 3 നിക്ഷേപ സമാഹരണ യജ്ഞങ്ങളിലൂടെ 16293 കോടി രൂപ സ്വരൂപിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) 3 നിക്ഷേപ സമാഹരണ യജ്ഞങ്ങളിലൂടെ സമാഹരിക്കാൻ ലക്ഷ്യമിട്ട തുക ചുവടെ ചേർക്കുന്നു:

നവംബർ 2011	-	3000 കോടി രൂപ
ഡിസംബർ 2012	-	4500 കോടി രൂപ
ഡിസംബർ 2013	-	5000 കോടി രൂപ

(സി) ഇതിലൂടെ സമാഹരിച്ച തുക സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു:

നവംബർ 2011	-	4425.09 കോടി രൂപ
ഡിസംബർ 2012	-	5194.36 കോടി രൂപ
ഡിസംബർ 2013	-	6674.00 കോടി രൂപ

(ഡി) നിക്ഷേപ സമാഹരണത്തിൽ ഉണ്ടായ നേട്ടങ്ങൾ സ്ഥായിയായി നിലനിർത്തുന്നതിന് നിക്ഷേപകരുടെ വിശ്വാസം ആർജ്ജിക്കേണ്ടതുണ്ട്. പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലെയും സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്നതും നിക്ഷേപം സ്വീകരിക്കുന്നതുമായ സഹകരണ സംഘങ്ങളിലെ നിക്ഷേപകരുടെ താൽപര്യം സംരക്ഷിക്കുന്നതിനും വിശ്വാസം ആർജ്ജിക്കുന്നതിനുമായി നിക്ഷേപ ഗ്യാരന്റി സ്കീം 2012 ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

(ഇ) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, അർബൻ സഹകരണ ബാങ്കുകൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ, കാർഷികേതര വായ്പ സഹകരണ സംഘങ്ങൾ, ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ, ബൈലാ വ്യവസ്ഥകൾക്ക് വിധേയമായി നിക്ഷേപം സ്വീകരിക്കുന്ന ഇതര സഹകരണ സംഘങ്ങൾ, സംസ്ഥാന സഹകരണ ബാങ്ക്, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് എന്നീ സഹകരണ സ്ഥാപനങ്ങളാണ് നിക്ഷേപ സമാഹരണ യജ്ഞത്തിൽ സഹകരിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly